**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3674** **05-08-2021 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച വകുപ്പുതല അന്വേഷണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ; | (എ) | സഹകരണ നിയമം വകുപ്പ് 65 അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സർചാർജ് നടപടി കളുടെ ഭാഗമായി 68(1) അന്വേഷണം നടന്നു വരുന്നു. 60 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് അന്വേഷണ ഉദ്യോഗസ്ഥർക്ക് ഉത്തരവ് നൽകിയിട്ടുള്ളത്. കൂടാതെ സർക്കാരിന്റെ 24.07.2021 ലെ GO(Rt)451/21 നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധ പ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്ന തിനും കൃത്യ സമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിക്കുന്ന തിനും 9 അംഗങ്ങളടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇടക്കാല റിപ്പോർട്ട് 10 ദിവസത്തിനകം സമർപ്പിക്കുന്നതാണ്. |
| (ബി) | ബാങ്കിൽ നിന്നും വായ്പ എടുത്ത ശേഷം കൃത്യമായി തിരിച്ചടച്ചിരുന്ന പലർക്കും ജപ്തി നോട്ടീസ് ലഭിച്ച സാഹചര്യം എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; എത്ര രൂപയുടെ ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | വായ്പ കൃത്യമായി തിരിച്ചടക്കുന്നവർക്ക് ജപ്തി നോട്ടീസ് നല്കിയിട്ടില്ല. വായ്പാ പലിശ ഉൾപ്പെടെ 1,02,55,49,364/-(102.55കോടി) രൂപയുടേയും വ്യാപാര സ്റ്റോക്ക് കുറവിനത്തിൽ 1,69,34,445.63/-(1.69 കോടി) രൂപയുടെയും കൂടി ആകെ 1,04,24,83,809.63/- (104.24 കോടി) രൂപയുടെ ക്രമക്കേട് നടന്നതായാണ് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിൽ കണ്ടെ ത്തിയിട്ടുള്ളത്. |
| (സി) | കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; സഹകരണ നിയമം സെക്ഷൻ 65 പ്രകാരം പരിശോധനകൾ നടത്തുവാനും ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാനും നടപടി സ്വീകരിക്കുമോ? | (സി) | കുറ്റക്കാർക്കെതിരെ നിയമാനുസരണ മുള്ള നടപടി സ്വീകരിക്കുന്നതാണ്. കുറ്റക്കാർക്കെതിരെ മാതൃകപരമായി നിയമാനുസൃത നടപടികൾ സ്വീക രിക്കുക വഴി ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ